**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1359 | 12.03.2015-ൽ മറുപടിയ്ക്ക് |
|---|---|

**നിർമ്മാണ പ്രവർത്തനങ്ങൾക്കിടെ അപകടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി**<br>**ശ്രീ വി.എം.ഉമ്മർ മാസ്റ്റർ**<br>**ശ്രീ പി.ബി. അബ്ദുൾ റസാക്**<br>**ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി** | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ പ്രവർത്തനങ്ങൾക്കിടെ സംസ്ഥാനത്ത് അപകടങ്ങൾ സാധാരണമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതൊഴിവാക്കാൻ നിർമ്മാണ മേഖല കളിൽ ക്രമീകരിക്കേണ്ട സുരക്ഷാ സൗകര്യങ്ങളെയും പാലിക്കേണ്ട നിബന്ധനകളേയും സംബന്ധിച്ച് വ്യവസ്ഥകൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;<br>(സി) ഇല്ലെങ്കിൽ വിദഗ്ധാഭിപ്രായം രൂപീകരിച്ച് നിർമ്മാണ മേഖലകളിൽ കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) (സി) അപകടങ്ങൾ ഒഴിവാക്കുവാനായി പ്രവൃത്തി നടക്കുന്ന സ്ഥലത്ത് അവശ്യം വേണ്ടുന്ന ബാരിക്കേഡുകൾ, രാത്രി കാലങ്ങളിൽ വെളിച്ചത്തിനുള്ള സംവിധാനങ്ങൾ, തൊഴിലാളികൾക്കുള്ള സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നതിനായി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും അപകടം പറ്റുന്ന പക്ഷം വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനും തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ